**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4765.** **27.10.2016-ൽ മറുപടിയ്ക്ക്**

**ടവർ പാർക്കിംഗ്**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ :** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വഴിയരികിലെ അനധികൃത പാർക്കിംഗ് റോഡ് അപകടങ്ങൾക്ക് വഴിവയ്ക്കുന്നു വെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | റോഡുകൾ പുതുതായി നിർമ്മിക്കുമ്പോൾ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വേണ്ടി പാർക്കിംഗ് ഏരിയ മാർക്ക് ചെയ്യാറുണ്ട്.<br>കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന ചില റോഡുകളിൽ നഗരസഭയുടെ ആഭിമുഖ്യത്തിൽ "പേ ആന്റ് പാർക്കിംഗ്" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയിലെ റോഡുകളിൽ അനധികൃത പാർക്കിംഗിനെതിരെ നടപടി സ്വീകരിക്കുന്ന തിനായി ട്രാഫിക് പോലീസിന് ശുപാർശ സമർപ്പിക്കാറുണ്ട്. |
| (സി) | നഗരങ്ങളിലെ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിന് ടവർ പാർക്കിംഗ് (മെക്കനൈസ്ഡ് പാർക്കിംഗ്) സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ